നം. CEE/5500/2017/KEAM_2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് **2018 സെപ്റ്റംബർ 4-ാം** തീയതിയിലേയ്ക്ക് മാറ്റിവച്ചിട്ടുള്ള സാഹചര്യത്തിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഇതിനോടകം പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നേടുന്നതിനുള്ള സമയം ദീർഘിപ്പിച്ചു. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം 01.09.2018 (ശനിയാഴ്ച) വൈകുന്നേരം 5 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെയോ രണ്ടാം ഘട്ട അലോട്ട്മെന്റിലൂടെയോ നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതെങ്കിലും കാരണത്താൽ പ്രവേശനം റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ **2018 സെപ്റ്റംബർ 1 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി വിടുതൽ സർട്ടിഫിക്കറ്റും മുഴുവൻ രേഖകളും ഫീസും അതത് കോളേജുകളിൽ നിന്നും തിരികെ വാങ്ങേണ്ടതാണ്.

**Help Line Numbers: 0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
29.08.2018

Santhosh Kumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**